12

## വിഭാഗരഹിത ക്രിസ്ത്യാനിത്വം-

# സ്നാനപ്പെടുന്നതു എന്തിലേക്ക്?

"ഇൻടു" എന്ന വാക്ക് ഇംഗ്ലീഷ് - സംസാരിക്കുന്ന ആളുകൾക്കിടയിൽ നന്നായി അറിയപ്പെടുന്നതിനാൽ അതു കൂടുതൽ വ്യക്തമാക്കേണ്ട ആവശ്യമില്ല എന്നു തോന്നുന്നു. എങ്കിലും, അല്പം സാഹസം എടുത്തുകൊണ്ടു, അല്പം പ്രത്യേക ശ്രദ്ധ കൊടുത്തു, അതിന്റെ തീർച്ചയുള്ള അർത്ഥത്തെ നോക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ചിലരെ അതു സത്യത്തെ കാണുവാൻ സഹായിക്കുന്നതാകാം; അങ്ങനെ ആണെങ്കിൽ, ഇക്കാരണത്താൽ നമുക്കു ആരെയും മടുപ്പിക്കുവാൻ കഴിയുകയില്ല.

ആ വാക്കിന്റെ ഉപയോഗത്തെ നമുക്കു ചിത്രീകരിക്കാം. ആരെങ്കിലും ഒരമ്മയോടു അവളുടെ കുഞ്ഞ് കിണ "റ്റിൽ" വീണു എന്നു പറഞ്ഞാൽ, അവൾക്കറിയാം അവളുടെ കുഞ്ഞ് എവിടെയായിരുന്നു എന്ന്; അവൾ എത്രയും പെട്ടെന്ന് ഓടി ആ കിണറ്റിനരികിൽ എത്തും. ആ കുഞ്ഞിനെ കിണറ്റിൽ നിന്നു "പുറത്ത്" എടുക്കുവാൻ കഴിയുന്നതെല്ലാം ചെയ്യും. അതുപോലെ, ഒരു പോലീസുദ്യോഗസ്ഥനോടു അധികാരി ഒരു കള്ളൻ വീട്ടിനുള്ളി ''ലേക്കു'' കയറി എന്നു അറിയിച്ചാൽ, പോലീസുദ്യോഗസ്ഥൻ വീടിനു പുറത്തു നോക്കുകയില്ല. ഒരു കുട്ടി തന്റെ അപ്പനോടു ഒരു പെരുച്ചാഴി വയലി "ലേക്കു" ചാടുന്നതു കണ്ടു എന്നു പറഞ്ഞാൽ, വിശദീകരണം കൂടാതെ തന്നെ ആ അപ്പനു മനസ്സിലാകും പെരുച്ചാഴി വസിച്ചിരുന്ന പുൽത്തകിടിയ്ക്കു ''പുറത്തേക്ക്'' ചാടിയതിനുശേഷമാണ്വയലി "ലേക്ക്" പ്രവേശിച്ചത് എന്നുള്ളത്.

നമുക്ക് എല്ലാവർക്കും ഒരുപോലെ, "കാണുവാനും," മനസ്സിലാക്കുവാനും, കഴിയുന്ന വിധത്തിൽ ഉറപ്പിച്ച തീർച്ചയുള്ളതാണ് "ഇൻടു" എന്ന വാക്കിന്റെ അർത്ഥം. അതിന്റെ എല്ലാ ഉപയോഗത്തിലും, എന്തെങ്കിലും "പുറത്തുനിന്ന്" കടന്ന് മറ്റെന്തി "ലേക്ക്" പോകുന്നതായി നമുക്ക് തോന്നും. പെരുച്ചാഴി വയലി "ലേക്കു" ചാടിയപ്പോൾ, അവ മുമ്പു ആയിരുന്ന മറ്റെവിടെനിന്നെങ്കിലും ''പുറത്തേക്കു" ചാടിവരാൻ നിർബന്ധിതരായി. അതു തികച്ചും ആവശ്യവും, എല്ലാവരും അങ്ങനെ

“കാണുകയും” സമ്മതിക്കയും ചെയ്യും. അത്തരം വാചകങ്ങളിൽ, “ഇൻടു” എന്നതിന്റെ അർത്ഥം മറ്റെല്ലാറ്റിലുമെന്നപോലെ തന്നെ ഓരോ വായനക്കാരനും മനസ്സിലാക്കും. അതിന്റെ അർത്ഥത്തെ തെറ്റിദ്ധരിക്കുവാൻ യാതൊരു സാധ്യതയുമില്ല. ആരെങ്കിലും ലളിതമായ “ഇൻടു” എന്ന വാക്കുൾപ്പെടുത്തി ഒരു ഇംഗ്ലീഷ് വാചകം ഉണ്ടാക്കാൻ ശ്രമിക്കുന്നത് വളരെ രസകരമാണ്, എന്തെന്നാൽ, രണ്ടു സത്യസന്ധരായ ആളുകൾ വ്യാഖ്യാനം ചെയ്താൽ “ഇൻടു” എന്ന വാക്കു തെറ്റിദ്ധാരണയിലേക്ക് അവരെ നയിക്കുന്നതായാണ് കാണുന്നത്.

ഒരു സ്ഥാനത്തുണ്ടായിരുന്ന പെരുച്ചാഴിക്കു അതേ സ്ഥാന “ത്തേക്ക്” ചാടുവാൻ കഴിയുമോ? കിണറ്റിൽ ആയിക്കഴിഞ്ഞ കുഞ്ഞിനു അതേ കിണറ്റി “ലേക്ക് ” ചാടുവാൻ കഴിയുമോ? ഏതെങ്കിലും ഒന്നിന് ആദ്യം ആ സ്ഥലത്തിനു പുറത്തായിരിക്കാതെ ഒരു സ്ഥലത്തേക്ക് പോകുവാ “നോ,” ചാടുവാ “നോ,” വീഴുവാ “നോ,” അല്ലെങ്കിൽ മറ്റേതെങ്കിലും രീതിയിൽ കടക്കുവാനോ സാധിക്കുമോ? ഒരു ചെറുപ്പക്കാരിക്ക് അവൾ വിവാഹിതയായതിനുശേഷം വിവാഹ ബന്ധത്തിലേക്കു കടക്കാൻ കഴിയുമോ? അവളുടെ വിവാഹത്തിനു മുൻപു, അവൾ വിവാഹ ബന്ധ ത്തിനു പുറത്തായിരിക്കണം; എന്നാൽ വിവാഹത്താൽ ആ ബന്ധത്തി “ലേക്കു” പ്രവേശിക്കയും, അതിനു ശേഷം ആ ബന്ധ “ത്തിൽ” തുടരു കയും ചെയ്യുന്നു.

ഇപ്പോൾ, ഈ “ഇൻടു,” വിന്റെ വ്യക്തവും തീർച്ചയുമായ അർത്ഥത്തോടു കൂടി, പരിശുദ്ധാത്മാവിൽ നിന്നുള്ള വ്യക്തമായ വേദഭാഗങ്ങളെ പരിശോധിക്കുവാൻ ആത്മാർത്ഥതയുള്ളവരോടു ഞാൻ ആവശ്യപ്പെടുന്നു:

> ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ (മത്തായി 28:19).

> ഇതു കേട്ടാറെ, അവർ കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനം ഏറ്റു (പ്രവൃത്തികൾ 19:5).

> അല്ല, യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? (റോമർ 6:3).

> നാം എല്ലാവരും ഏക ശരീരമാകുമാറു ഒരേ ആത്മാവിൽ സ്നാനം ഏറ്റു (1 കൊരിന്ത്യർ 12:13).

> ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്നു നിങ്ങൾ

എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു (ഗലാത്യർ 3:27).

അതുകൊണ്ടു, പുതിയ നിയമ കാലയളവിൽ, ദൈവത്തിന്റെ വിശുദ്ധ പുരുഷന്മാർ, ഉയരത്തിൽ നിന്നു ശക്തി ലഭിച്ചു, അവർ ആളുകളെ പിതാവിന്റെയും പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമ "ത്തിൽ" (*എയിസ്*) സ്നാനപ്പെടുത്തി. അവർ അവരെ കർത്താവായ യേശുവിന്റെ നാമത്തി "ലേക്ക്" (*എയിസ്*) സ്നാനപ്പെടുത്തി. അവർ അവരെ ക്രിസ്തുവി "ലേക്ക്" (*എയിസ്*) സ്നാനപ്പെടുത്തി. അവർ അവരെ ക്രിസ്തുവിന്റെ മരണത്തി "ലേക്ക്" (*എയിസ്*) സ്നാനപ്പെടുത്തി. അവർ അവരെ ഏക ശരീരത്തി "ലേക്ക്" (*എയിസ്*) ആകുവാൻ സ്നാന പ്പെടുത്തി. അവർ അവരെ ക്രിസ്തുവി "നോടു" (*എയിസ്*) ചേരുവാൻ സ്നാനപ്പെടുത്തി; അങ്ങനെ സ്നാനമേറ്റവർ അവനെ ധരിച്ചു. അവസാ നമായി, അപ്പൊസ്തലന്മാർ ആളുകളെ പാപങ്ങളുടെ മോചനത്തിനു "ആയി" അല്ലെങ്കിൽ "വേണ്ടി" (*എയിസ്*) സ്നാനപ്പെടുത്തി.

നാം ഈ വേദഭാഗത്തിൽ "ഇൻടു" എന്ന വാക്കിന്റെ സ്പഷ്ടമായ അർത്ഥം എടുത്താൽ, ഒരു തെറ്റിദ്ധാരണയുമുണ്ടാകയില്ല. പുതിയ നിയമ കാലയളവിലെ ആളുകൾ, സ്നാനമേൽക്കുന്നതിനു മുൻപു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിനു "പുറത്ത്" ആയിരുന്നു, ക്രിസ്തുവിന്റെ മരണത്തിനു "പുറത്ത്" ആയിരുന്നു, ഏകശരീരത്തിന് "പുറത്ത്" ആയിരുന്നു, ക്രിസ്തുവിനും "പുറത്ത്" ആയും, പാപങ്ങളുടെ മോചനത്തിൽ നിന്നു "അകലെ" യുമായിരുന്നു. സ്നാനത്താൽ, അവർ ആ വിശുദ്ധവും, ദൈവികവുമായി ഒരുക്കിയ ബന്ധങ്ങളിലും അനുഗ്രഹങ്ങളിലുമായി.

അതുകൊണ്ടു, എന്തെല്ലാം അനുഗ്രഹങ്ങളാണ്, ആ വിശുദ്ധ നാമങ്ങളിൽ പ്രവേശിച്ചും, ക്രിസ്തുവിന്റെ മരണത്തിൽ പ്രവേശിച്ചും, ക്രിസ്തുവിന്റെ വിശുദ്ധ ശരീരത്തിൽ പ്രവേശിച്ചും, ക്രിസ്തുവിൽ പ്രവേശിച്ചും, പാപങ്ങളുടെ മോചനം ലഭിക്കുന്നതിനായി വരുകയും ചെയ്യുന്നതിലൂടെ ലഭിക്കുന്നത് അവയെല്ലാം തിരുവെഴുത്തിൻ പ്രകാരം സ്നാനം ഏല്ക്കുന്നതിനെ ആശ്രയിച്ചാണുള്ളത്. അതു അങ്ങനെ ആയിരിക്കണം, അല്ലെങ്കിൽ, ആശയ വിനിമയത്തിനു ഭാഷ ശരിയാവുകയില്ല, അപ്പോൾ എത്ര ശക്തമായ സംസാരമായാലും ഒന്നും അറിയിക്കുവാൻ സാധ്യമല്ല.

കരഞ്ഞു നിലവിളിച്ച തർസൊസുകാരനായ ശൗലിനോടു അനന്യാസ്, "... എഴുന്നേറ്റു, അവന്റെ നാമം വിളിച്ചു പ്രാർത്ഥിച്ചു, സ്നാനം ഏറ്റു നിന്റെ പാപങ്ങളെ കഴുകിക്കളക" എന്നു പറഞ്ഞതിൽ അതിശയിക്കുവാനില്ല (പ്രവൃത്തികൾ 22:16). പത്രൊസ് പറഞ്ഞു, "... ആ പെട്ടകത്തിൽ അല്പ ജനം എന്നുവെച്ചാൽ എട്ടുപേർ, വെള്ളത്തിൽ കൂടി രക്ഷ പ്രാപിച്ചു" (1 പത്രൊസ് 3:20, 21) എന്നു പറഞ്ഞതിൽ അതിശയിക്കുവാനില്ല.

തീർച്ചയായും, വിശുദ്ധ പുരുഷന്മാർക്കു എങ്ങനെ മറ്റൊരു വിധത്തിൽ പഠിപ്പിക്കുവാൻ കഴിയും? യേശു, തന്റെ അവസാനത്തെ

കല്പനകൾ കൊടുത്തുകൊണ്ടു പറഞ്ഞു, "പിന്നെ അവൻ അവരോടു, നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കയും സ്നാനം ഏല്ക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും" (മർക്കൊസ് 16:15, 16). സത്യത്തിൽ, ശരിയായി ഒരുങ്ങിയ വ്യക്തികൾ തിരുവെഴുത്തിൻ പ്രകാരം സ്നാനമേല്ക്കണമെന്നു യേശുവും ദൈവശ്വാസിയരായ അപ്പൊസ്തലന്മാരും പഠിപ്പിച്ചില്ലെങ്കിൽ, അത്തരം ഉപദേശം മനുഷ്യർക്കു സംസാരിക്കുവാൻ കഴിയുകയില്ല.

ഒരിക്കൽ കൂടി സത്യസന്ധരായവരോടു ഞാൻ അപേക്ഷിക്കുന്നു. രക്ഷയും സ്നാനവും അല്ലെങ്കിൽ പാപങ്ങളുടെ മോചനവും തമ്മിലുള്ള ബന്ധം പരിശുദ്ധാത്മാവ് വ്യക്തമാക്കിയിരിക്ക കൊണ്ട് നമുക്ക് എങ്ങനെ കക്ഷിഭേദങ്ങൾ ഉണ്ടാക്കി, "വേർപിരിക്കുവാൻ" കഴിയും? നമ്മുടെ അനുഗ്രഹീത കർത്താവു, നാം ഒന്നു തന്നെ സംസാരിക്കണമെന്നും, ഭിന്നത ഭവിക്കാതെ, ഐക്യത്തിൽ തികഞ്ഞവരായി ഏക മനസ്സിലും ഏകാഭിപ്രായത്തിലും യോജിച്ചിരിക്കയും വേണമെന്നു പറയുന്നു. സത്യസന്ധരും ഭക്തിയുള്ളവരുമായവർ യേശുവിനോടു തുടർന്നും നീതിപുലർത്തിക്കൊണ്ട് പരിശുദ്ധാത്മാവിന്റെ വ്യക്തമായ ഉപദേശ ത്തിനെതിരെ കക്ഷി വ്യത്യാസങ്ങൾ ഉണ്ടാക്കുന്നതിന്റെ കാരണം എനിക്കു മനസ്സിലാകുന്നില്ല. ഭക്തിയുള്ളവരെന്നു വാദിച്ചുകൊണ്ട് അവർ ഭിന്നതയിൽ തുടരുന്നത് എനിക്ക് കാണാൻ കഴിയുന്നതിലും അപ്പുറമാണ്. കർത്താവിന്റെ സ്പഷ്ടമായ ഉപദേശം നിലനില്ക്കെ മനഃപൂർവ്വം ഭിന്നതകളെ പ്രോത്സാഹിപ്പിക്കുന്നവർ, ദുഷ്ടതയെയും പാപത്തെയും തങ്ങളുടെ വാതില്ക്കൽ പിടിച്ചു നിർത്തിയിരിക്കയാണ്.

പത്രൊസിനെയും, യാക്കോബിനെയും, യോഹന്നാനെയും പോലെ, "സമുദായങ്ങൾ," "സിദ്ധാന്തങ്ങൾ," നാമധേയ വിഭാഗങ്ങൾ എന്നിവ വിട്ടുകളയാൻ തയ്യാറാകുന്നവരോടെല്ലാം ക്രിസ്ത്യാനികൾ ആകു ന്നതിൽ – ക്രിസ്ത്യാനികൾ മാത്രമാകുന്നതിൽ തൃപ്തരും സന്തുഷ്ടരും ആകുവാനാണ് വീണ്ടും ഞാൻ അപേക്ഷിക്കുന്നത്. യെരുശലെം സഭയിലെ എല്ലാ അംഗങ്ങളും ആയിരുന്നതുപോലെയുള്ള അതേ ക്രിസ്ത്യാനികൾ നമുക്കും ആകാം – പുതിയ നിയമകാലത്തുള്ള എല്ലാ ക്രിസ്ത്യാനികളെയും പോലെയുള്ള അതേ ക്രിസ്ത്യാനികൾ ആകാം. നമ്മുടെ രക്ഷകന്റെ മരിക്കുന്നതിനു മുൻപുള്ള പ്രാർത്ഥന വീണ്ടും യാഥാർത്ഥ്യമാകട്ടെ! യേശുവിനു വേണ്ടി നാമെല്ലാം ഒന്നാകുവാൻ പരിശുദ്ധാത്മാവു ആവശ്യപ്പെടാത്തതെന്തും ഉപേക്ഷിക്കുവാൻ തയ്യാ റുള്ളവർ നമുക്കിടയിൽ ആരുണ്ട്? ഇത്തരം ഐക്യതയാണ് നമ്മുടെ കർത്താവിനെ സന്തോഷിപ്പിക്കുന്നത്; അതു മുഖാന്തരം, യേശുവിനെ ദൈവം അയച്ചു എന്നു നഷ്ടപ്പെട്ട ലോകം അറിയുവാനിടയാകും. ക്രിസ്തുവിൽ ഒന്നായിത്തീരുന്നതിൽ നിന്നു ആത്മാർത്ഥതയുള്ള ഹൃദയങ്ങളെ എന്തിനെങ്കിലും വേർപെടുത്താൻ കഴിയുമോ?

© 2009 Truth for Today